**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3533      20.10.2016 -ൽ മറുപടിക്ക്**

## മണ്ണുത്തി-അങ്കമാലി ഭാഗത്ത് നാലുവരിപ്പാത നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.ബി.ഡി. ദേവസ്സി** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) ദേശീയപാത 47-ൽ മണ്ണുത്തി-അങ്കമാലി ഭാഗത്ത് നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് ദേശീയ പാത അതോറിറ്റി, കരാർ കമ്പനിയുമായി ഉണ്ടാക്കിയിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പോട്ട ഇടതു വശത്തേയും ചിറങ്ങരയിൽ വലതു വശത്തേയും സർവ്വീസ് റോഡ് ഒഴികെ ബാക്കി കൺസഷൻ എഗ്രിമെന്റ് പ്രകാരമുള്ള എല്ലാ വർക്കുകളും പൂർത്തിയായി. |
| (ബി) കരാറിന്റെ കാലാവധി എന്നവസാനിക്കുമെന്നും, അതിനുമുമ്പ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കുമോ എന്നും വ്യക്തമാക്കുമോ? | (ബി) കൺസഷൻ എഗ്രിമെന്റ് അവസാനിക്കുന്നത് 21.06.2018 ൽ ആണ്. 2016 സെപ്റ്റംബറിൽ പോട്ടയിലേയും, ചിറങ്ങരയിലേയും സർവ്വീസ് റോഡ് വർക്കുകൾ അടിക്കടിയുള്ള മഴ കാരണം തടസ്സപ്പെട്ടു. ഈ വർക്കുകൾ 2016 നവംബർ മാസത്തോടെ തീർക്കാനാകുമെന്ന് കരുതുന്നു. |
| (സി) പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ, നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതു സംബന്ധിച്ച ചർച്ചയിലുണ്ടായ തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ; നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കും എന്നറിയിക്കുമോ? | (സി) കൺസഷൻ എഗ്രിമെന്റ് പ്രകാരം പോട്ടയിലേയും, ചിറങ്ങരയിലേയും വർക്കുകൾ 2016 നവംബർ മാസത്തോടെ തീർക്കാനാകുമെന്നാണ് കരുതുന്നത്. |

**സെക്ഷൻ ഓഫീസർ**